**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.331.** **08.06.2015 ൽ മറുപടിയ്ക്ക്.**

**സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ്സ്**

| ചോദ്യം<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിനായി പരിചയ സമ്പന്നരല്ലാത്ത ഡ്രൈവർമാരെയും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങളും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് മതിയായ പരിശീലനം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ ; | (ബി) | പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) | സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിലെ ഓവർ ലോഡിംഗ് നിയന്ത്രിക്കുന്നതിനും വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 332 08.06.2015-ൽ മറുപടിക്ക്

## നാട്ടിക മണ്ഡലത്തിലെ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

ചോദ്യം

ശ്രീമതി. ഗീതാ ഗോപി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാട്ടിക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ; | (എ) | നാട്ടിക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന 78 ഷെഡ്യൂളുകളുടെ ഡിപ്പോതല എണ്ണം ചുവടെ ചേർക്കുന്നു.<br>കൊടുങ്ങല്ലൂർ - 13, ഇരിങ്ങാലക്കുട - 10, മാള - 2, മലപ്പുറം - 2, മണ്ണാർക്കാട് - 1, ചിറ്റൂർ - 2, പൊന്നാനി - 6, തൃശ്ശൂർ - 13, ഗുരുവായൂർ - 29 |
| (ബി) | ഇതിൽ നിർത്തലാക്കിയ സർവ്വീസുകൾ ഏതെല്ലാമാണ്; അവ നിർത്തലാക്കിയത് എന്നുമുതലാണ്; വ്യക്തമാക്കാമോ; | (ബി) | കൊടുങ്ങല്ലൂർ ഡിപ്പോയിലെ 06.00 മണി മുനക്കൽ ബീച്ച് ഷെഡ്യൂളിന്റെ സ്നേഹതീരം ട്രിപ്പ്, ഇരിഞ്ഞാലക്കുട ഡിപ്പോയുടെ 06.40 ഗുരുവായൂർ, ചാലക്കുടി ഡിപ്പോയുടെ 06.20 പെരിഞ്ഞനം, ഗുരുവായൂർ ഡിപ്പോയുടെ 05.10 എറണാകുളം, 06.10 എറണാകുളം, 05.40 എറണാകുളം, 06.40 എറണാകുളം, 10.10 എറണാകുളം, 06.30 വാഴാനി ഡാം പൊന്നാനി ഡിപ്പോയുടെ 05.35 എറണാകുളം ജെട്ടി, 12.20 എറണാകുളം ജെട്ടി എന്നീ ഷെഡ്യൂളുകൾ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (സി) | പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതിന്റെ കാരണങ്ങൾ അറിയിക്കുമോ; | (സി) | ബസുകളുടെ ലഭ്യതക്കുറവും വരുമാനക്കുറവും മൂലമാണ് ടി സർവ്വീസുകൾ താൽക്കാലികമായി നിർത്തലാക്കിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന ഷെഡ്യൂളുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ? | (ഡി) | നിലവിൽ കൊടുങ്ങല്ലൂരിൽ നിന്ന് 09, മാളയിൽ നിന്ന് 02, നിലമ്പൂരിൽ നിന്ന് 02, മലപ്പുറത്ത് നിന്ന് 02, മണ്ണാർക്കാട് നിന്ന് 01, ചിറ്റൂരിൽ നിന്ന് 02, പൊന്നാനിയിൽ നിന്ന് 06, തൃശ്ശൂരിൽ നിന്ന് 05, ഗുരുവായൂരിൽ നിന്ന് 23 അടക്കം 64 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ